ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): കാക്കടവ് പദ്ധതിയെ സംബന്ധിച്ചിടത്തോളം അതിന്റെ ഒരു ഡിവിഷനും ഒന്നുരണ്ട് സബ്ഡിവിഷൻസും ഒക്കെ മാറാൻ പ്രപ്പോസലുണ്ട്. മാറിക്കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിലെ പ്രൊവിഷൻ 1.5 ലക്ഷമാണ്. അവിടെ പണിയൊന്നുമില്ലെങ്കിലും ശമ്പളം കൊടുക്കുന്നതിന് എസ്റ്റിമേറ്റ് ചാർജ്ജ് തന്നെ ഏകദേശം ആറ് ലക്ഷം രൂപ വരും. എന്തായാലും ഈ കൊല്ലം 10 ലക്ഷം രൂപ കൂടി 19.8.1985-ൽ അലോട്ട് ചെയ്തിട്ടുണ്ട്. കുടിശിക കൊടുക്കാനും ബാക്കിയുള്ള കാര്യങ്ങൾക്കുമൊക്കെകൂടി കാക്കടവ് പദ്ധതിയെ സംബന്ധിച്ചിടത്തോളം അത് റീസ്റ്റോറേഡിക്ക് കഴിഞ്ഞകാല ഗവൺമെന്റ് കൊടുത്തിരുന്നു എന്ന് പല പ്രാവശ്യം ഈ നിയമസഭയിൽ ഞാൻ പറഞ്ഞതാണ്. റീസ്റ്റോറേഡിയുടെ റിപ്പോർട്ട് വന്ന് ആ റിപ്പോർട്ട് പ്രകാരം കാക്കടവിന്റെ പ്രവർത്തനങ്ങൾ നടത്തണം. പക്ഷേ ഒന്നുരണ്ട് റീഹാബിലിറ്റേഷൻ പ്രശ്നമാണ് പ്രധാനമായ കാരണം. സബ്മേർസിബിൾ ഏരിയാ, - ഇൻവർസ്റ്റേറേറ്റ് ഡിസ്പ്യൂട്ട് ഇവിടെയുണ്ട്. അതെല്ലാം പരിഹരിക്കണമെന്ന് എക്സ്പേർട്ട് റെക്കമെന്റേഷൻ ഉണ്ട്. അതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കളക്ടർമാരോട് സ്ഥലം അന്വേഷിച്ച് കണ്ടുപിടിക്കാൻ പറഞ്ഞു, അതേക്കുറിച്ച് പരിശോധിച്ച് റിപ്പോർട്ടുകൾ മുഴുവൻ കിട്ടി കഴിഞ്ഞിട്ടില്ല. പല ഭാഗത്തുനിന്നും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. എന്തായാലും അതൊക്കെ കിട്ടിക്കഴിഞ്ഞാൽ ഒരു തീരുമാനം എടുക്കുന്നതാണ്. ഇതേക്കുറിച്ച് ഞാൻ കഴിഞ്ഞ നിയമസഭയിലും പറഞ്ഞതാണ്. കാക്കടവ് പദ്ധതിയെ സംബന്ധിച്ചിടത്തോളം പല റിപ്പോർട്ടുകളും കിട്ടാനുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ തീരുമാനമെടുക്കുന്നതാണ്.

(2) മല്ലപ്പള്ളിയിലും റാന്നിയിലും താലൂക്കാശുപത്രികൾ

ശ്രീ. ടി. എസ്. ജോൺ: പുതുതായി രൂപംകൊണ്ട പത്തനംതിട്ട ജില്ലയിലെ രണ്ട് താലൂക്കുകളാണ് റാന്നിയും മല്ലപ്പള്ളിയും. റാന്നിയിലും മല്ലപ്പള്ളിയിലും ഇതേവരെ താലൂക്ക് ആശുപത്രികൾ ഉണ്ടായിട്ടില്ല. നിലവിലുള്ള മല്ലപ്പള്ളി പബ്ലിക് ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് സ്ഥലവും ഉണ്ട്. ഇത് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി എത്രയും വേഗം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): നമ്മുടെ സംസ്ഥാനത്ത് നാല് താലൂക്കുകളിൽ താലൂക്ക് ആശുപത്രികൾ ആയിട്ടില്ല. അതിലൊന്നാണ് മല്ലപ്പള്ളി. അതിന് 100 രൂപ ഇക്കൊല്ലം ബഡ്ജറ്റിൽ തന്നെ കൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രവർത്തനം എത്രകണ്ട് മുന്നോട്ട് കൊണ്ടുപോകാമെന്നുള്ളത് കണ്ടുതന്നെ അറിയണം. എന്തായാലും താലൂക്ക് ആശുപത്രികൾ ഇല്ലാത്ത സ്ഥലത്ത് താലൂക്ക് ആശുപത്രികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) വക്കം പണയിൽക്കടവ് പാലത്തിന്റെ പണി

ശ്രീ. പി. വിജയദാസ്: വക്കം പണയിൽക്കടവ് പാലത്തിന്റെ പണി ആരംഭിക്കണമെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അന്തരിച്ച ബഹുമാന്യനായ സി. എച്ച്. മുഹമ്മദ്കോയ 5-1-1933-ൽ ഈ പാലത്തിന് തറക്കല്ലിട്ടതാണ്. ഭരണാനുമതി ലഭിക്കാത്ത നിലയിലാണ് ഇപ്പോഴും അതിന്റെ സ്ഥിതി. 1982-ൽ ഇത് ഭരണാനുമതി ലഭിച്ചതും അന്ന് ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്നതുമാണ്. പക്ഷേ അതിനുശേഷം അതിന്റെ പണി തുടങ്ങാൻ കഴിഞ്ഞില്ല. ശ്രീ. മുഹമ്മദ്കോയയുടെ അനുസ്മരണാദിനമാണ് ഈ മാസം 30-ാം തീയതി. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിന് പ്രത്യേക താൽപ്പര്യമെടുത്ത് വക്കം പണയിൽക്കടവ് പാലത്തിന്റെ പണി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): വക്കത്തുനിന്ന് രണ്ട് കി. മീ. അകലെ വക്കം–വെട്ടൂർ റോഡിൽ പണയിൽക്കടവ് എന്ന സ്ഥലത്ത് പാലം പണിയുന്നതിനുള്ള നടപടി ആരംഭിച്ചു. 48 ലക്ഷം രൂപക്കുള്ള എസ്റ്റിമേറ്റിന് 1982-ൽ അനുമതി നൽകിയിരുന്നു. വിശദമായ മണ്ണ് പരിശോധനക്കുശേഷം, അതിന്റെ ഡിസൈനിൽ മാറ്റം വരുത്തേണ്ടതായിവന്നു. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എഴുപത്തിയൊന്ന് ലക്ഷത്തിഅറുപതിനായിരം രൂപയുടെ പുതിയ എസ്റ്റിമേറ്റ് ആണ് ഗവൺമെന്റിന്റെ മുമ്പാകെയുള്ളത്. ആ സ്ഥിതിക്ക് ഈ കൊല്ലം പ്രത്യേകമായി എന്തെങ്കിലും ചെയ്യാൻ പ്രയാസമാണ്, കാരണം ഇതിന് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഒന്നും ഉൾക്കൊള്ളിച്ചിട്ടില്ല. അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ആവശ്യമായ സംഖ്യ ഉൾപ്പെടുത്തിക്കൊണ്ട് തുടങ്ങുന്ന കാര്യം ആലോചിക്കാം.

(4) രാമമംഗലം പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരില്ലാത്തതിനെ സംബന്ധിച്ച്

ശ്രീ. ബെന്നിബഹനാൻ: എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട രാമമംഗലം പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിൽ കഴിഞ്ഞ കുറേ നാളുകളായി നാല് ഡോക്ടർമാർ ഉള്ളതിൽ ഇപ്പോഴും രണ്ട് ഡോക്ടർമാരെ വരാറുള്ളൂ. ഈ വരുന്ന ഡോക്ടർമാർ ഭാര്യാഭർത്താക്കൻമാരാണ്. അവർ മിക്കസമയത്തും ആശുപത്രിയിൽ ഇല്ല. ഇക്കാര്യം പലതവണ ബഹുമാനപ്പെട്ട ഗവൺമെന്റിന്റേയും ഉദ്യോഗസ്ഥൻമാരുടേയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആ ആശുപത്രിയിലെ ശോചനീയാവസ്ഥ മാറ്റി ആ ആശുപത്രിയേയും അവിടുത്തെ ജനങ്ങളേയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ആശുപത്രിയിൽ ഡോക്ടർമാരുണ്ട്. അവർ കൃത്യസമയത്ത് ഹാജരാകുന്നില്ലെങ്കിൽ അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(5) കിളിമാനൂരിലെ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: കിളിമാനൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കെ. എസ്. ആർ. ടി. സി. യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ഉണ്ട്. ഇതേക്കുറിച്ച് കഴിഞ്ഞ നിയമസഭയിലും സബ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly